SUNDAY 24.12.2023 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 24/12/2023

1. വെള്ളാനിക്കര ഫലവർഗ്ഗ വിള ഗവേഷണ കേന്ദ്രത്തിൽ മാവ്, പ്ലാവ്,നാരകം തുടങ്ങിയ ഫല വൃക്ഷ തൈകളും കുരുമുളക്, കവുങ്ങ് തുടങ്ങിയ തൈകളും ജൈവവളങ്ങളും വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർ 0487-2373242, 8547760030 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

2. കാർഷിക മേഖലയിൽ ചെലവുകുറഞ്ഞ രീതിയിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (കാർഷിക യന്ത്ര വൽക്കരണ ഉപ പദ്ധതി SMAM). ഈ പദ്ധതിയിൻ കീഴിൽ കാർഷിക - യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര വിളസംസ്കരണം മൂല്യവർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. ഈ പദ്ധതിയിൽ അംഗമാകുന്നതിന് http://agrimachinery.nic.in/index എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. 2023 2024 - സാമ്പത്തിക വർഷത്തിലെ വ്യക്തിഗത ഗുണഭോക്താക്കളുടെ അപേക്ഷകൾ ഓൺലൈൻ ആയി ഈ പോർട്ടലിൽ 01.08.2023 മുതൽ നൽകാവുന്നതാണ്. കാർഷിക യന്ത്രവൽക്കരണ പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ, സ്ഥലത്തെ കൃഷി ഭവനുമായോ 0471 2306748, 0477 2266084, 0495 2725354 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം

3. ഹോർട്ടികൾച്ചർ മിഷൻ രാഷ്ട്രീയ കൃഷി വികാസ് യോജന(2022-23) യുടെ ഭാഗമായി 2023-24 വർഷത്തിൽ നടപ്പിലാക്കുന്ന ഓപ്പൺ പ്രെസിഷൻ ഫാമിംഗ് പദ്ധതിക്ക് തിരുവനന്തപുരം, കൊല്ലം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് ജില്ലകളിലെ പട്ടികജാതി/ പട്ടിക വർഗ്ഗവിഭാഗത്തിൽ പെട്ട വാഴ /പച്ചക്കറി കർഷകരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. 1 ഹെക്ടർ വാഴക്ക് 96,000 രൂപയും, 1 ഹെക്ടർ പച്ചക്കറിക്ക് 91,000 രൂപയുമാണ് സബ്സിഡി നൽകുന്നത്. കൂടുതൽ വിവരങ്ങൾക്ക് കൃഷി സ്ഥലം സ്ഥിതി ചെയ്യുന്ന പരിധിയിലെ കൃഷിഭവനുമായി ബന്ധപ്പെടേണ്ടതാണ്.

4. കേരള കാർഷിക സർവകലാശാല ഉത്തരമേഖല കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട് വച്ച് 2024 ജനുവരി 4 മുതൽ 14 വരെ തീയതികളിൽ 9 മണി മുതൽ 5 മണി വരെ ആർ എ ആർ എസ് ഫാം കാർണിവൽ സംഘടിപ്പിക്കുന്നു. ഗവേഷണ കേന്ദ്രത്തിന്റെ പഠനഫലങ്ങൾ പൊതുജനങ്ങൾക്ക് അടുത്തറിയാനും, കാർഷിക വിദ്യാഭ്യാസ ഗവേഷണ സാദ്ധ്യതകൾ വരും തലമുറയ്ക്ക് മനസ്സിലാക്കാനും ലക്ഷ്യമിട്ടാണ് 'RARS ഫാം കാർണിവൽ 2024' എന്ന കാർഷിക വിജ്ഞാന വിനോദ വിപണന മേള സംഘടിപ്പിക്കുന്നത്. ഇതോടനുബന്ധിച്ച് കൃഷിയിട പ്രദർശനം, മാതൃക തോട്ടങ്ങൾ, സാങ്കേതികവിദ്യ പ്രദർശനം, പുഷ്പ-ഫല പ്രദർശനം, പൈതൃക വിത്ത് മേള', വിത്ത്, നടീൽ വസ്തുക്കൾ, ഉത്പന്ന വിപണന മേള, കർഷകരുടെ ചന്ത, അഗ്രോക്ലിനിക്ക്, ആരോഗ്യക്യാമ്പ്, മൃഗസംരക്ഷണം , കാർഷിക സെമിനാറുകൾ മുതലായവ ഉണ്ടായിരിക്കുന്നതാണ്.

5. സർക്കാർ പൊതുമേഖല സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ (കെപ്കോ) പേട്ടയിലുള്ള ഹെഡ് ഓഫീസിൽ 60 ദിവസം പ്രായമായ

ബി.വി 380 ഇനത്തിൽപ്പെട്ട മുട്ട കോഴികൾ സ്റ്റോക്ക് തീരുന്നതുവരെ വിൽപ്പന നടത്തുന്നു. ആവശ്യമുള്ളവർ 9495000915, 0471 2468585 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

6. പെരുവണ്ണാമൂഴി കൃഷി വിജ്ഞാന കേന്ദ്രത്തിൽ വേനൽക്കാല പച്ചക്കറി കൃഷി എന്ന വിഷയത്തിൽ 2023 ഡിസംബർ 28 ന് (വ്യാഴാഴ്ച) രാവിലെ 10 മണി മുതൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ 0496-2966041 എന്ന നമ്പറിൽ ബന്ധപ്പെടുക.

7. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ഡിസംബർ 27, 28 തീയതികളിൽ പശു വളർത്തലിൽ പരിശീലനം നൽകുന്നു. കണ്ണൂർ, കാസർകോട്, കോഴിക്കോട് ജില്ലകളിലെ താൽപര്യമുള്ള കർഷകർ ഡിസംബർ 26നകം പരിശീലന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് 04972 763473 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

8. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് ഡിസംബർ 27 മുതൽ 29 വരെയുള്ള തീയതികളിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.